# US PROFILES




# തോമസ് ജോയ്




# അമേരിക്കൻ പൊലീസിലുമുണ്ട് 'മലയാളി' ഓഫീസർ

◉ മീട്ടു റഹ്മത്ത് കലാം

അന്വേഷണമികവിലും സേവനതല്പരതയിലും കേരളത്തിൽ നിന്നുള്ള പൊലീസുകാർക്ക് ലോകമെമ്പാടും വലിയമതിപ്പാണ്. വിദേശരാജ്യങ്ങളിൽ കഴിയുന്നവരും അതാത് രാജ്യങ്ങളിലെ പൊലീസ് സേനയിൽ മലയാളികളുടെ യശസ്സുയർത്തുന്ന പ്രവർത്തനം കാഴ്ചവയ്ക്കുന്നത് അധികമാരും അറിയുന്നില്ലെന്നുമാത്രം. ന്യൂയോർക്ക് സഫോക്ക് കൗണ്ടിയിലെ പൊലീസ് ഓഫീസറായ കോട്ടയം മോനിപ്പള്ളി സ്വദേശി തോമസ് ജോയ്ക്ക് പറയാനുള്ളത് അത്തരത്തിൽ വ്യത്യസ്തമായ ജീവിതാനുഭവമാണ്. അമേരിക്കയിലെ മലയാളികളായ




പൊലീസുകാരുടെ സംഘടനയുടെ സ്ഥാപക പ്രസിഡന്റ് കൂടിയാണ് തോമസ് ജോയ്.

'നിങ്ങൾ സുഖമായി ഉറങ്ങിക്കോളൂ,നിങ്ങൾക്കായി ഞങ്ങൾ ജാഗരൂകരായി ഉണർന്നിരിക്കും' എന്ന വാചകം പകരുന്ന സുരക്ഷിതത്വബോധം ചെറുതല്ല. വീടിന്റെ തണലിൽ സുഭിക്ഷമായി നമ്മൾ ജീവിക്കുമ്പോൾ, അതിർത്തിയിൽ ഇന്ത്യൻ സൈനികർ നൽകുന്ന വാഗ്ദാനമാണിത്. ആ രക്ഷാകവചം വിട്ട് മറ്റൊരു നാട്ടിൽ പ്രവാസിയായി എത്തിച്ചേരുമ്പോഴും രക്ഷകരായി നമ്മളിൽപ്പെട്ടവർ തന്നെ എത്തുന്നത് എത്രത്തോളം ആശ്വാസകര




മായിരിക്കും? അമേരിക്കൻ മിലിറ്ററിയിലും പൊലീസ് വകുപ്പിലും മലയാളികളുടെ സാന്നിധ്യം വർദ്ധിക്കുമ്പോൾ നമുക്ക് ലഭിക്കുന്നത് അങ്ങനെയൊരു സുരക്ഷിതത്വബോധമാണ്. ഇ-മലയാളിക്ക് അനുവദിച്ച അഭിമുഖത്തിൽ തോമസ് ജോയ് സംസാരിച്ചതും അതിനെക്കുറിച്ചാണ്...

**ഇന്ത്യയിൽ നിന്ന് അമേരിക്കയിലേക്ക് പറക്കണമെന്ന് സ്വപ്നം കണ്ടിരുന്നോ? കൗമാരപ്രായത്തിലെ പറിച്ചുനടൽ ദുഷ്കരമായിരുന്നോ?**

ജനിച്ചുവളർന്നതൊക്കെ നാട്ടിലാണ്. കോട്ടയം മോനിപ്പിള്ളിയാണ് സ്വദേശം. പപ്പ ജോയ് തോമസ്, അമ്മ മോളി. പത്താം ക്ലാസ് വരെ ഊട്ടി ഗുഡ് ഷെപ്പേർഡിലായിരുന്നു പഠിച്ചത്. പപ്പയുടെ സഹോദരി അമേരിക്കയിൽ നഴ്സായിരുന്നതുകൊണ്ട്, നഴ്സായ എന്റെ അമ്മയ്ക്കുവേണ്ടിയും വിസയ്ക്ക് അപേക്ഷ ഫയൽ ചെയ്തിരുന്നു. പപ്പയുടെ ബിസിനസ് അഭിവൃദ്ധി നേടിയസമയത്തായിരുന്നു വിസയുടെ അപ്രൂവൽ വന്നത്. ബോർഡിങ് സ്കൂളിൽ പഠിച്ച ഞാൻ, ബാംഗ്ലൂരിൽ പ്രീഡിഗ്രിക്ക് ചേർന്ന് ഒരു കൗമാരക്കാരന്റെ സ്വാതന്ത്ര്യങ്ങൾ ആസ്വദിച്ചുവരുമ്പോഴാണ് എന്റെയും സഹോദരങ്ങളുടെയും (സഹോദരി നിമ്മി,സഹോദരൻ ജെയിംസ്) തുടർ വിദ്യാഭ്യാസം അമേരിക്കയിൽ മതിയെന്ന് വീട്ടുകാർ തീരുമാനിക്കുന്നത്. അതുവരെ നേരിൽ കണ്ടിട്ടുപോലുമില്ലാത്ത ആന്റിയുടെ കൂടെ അമേരിക്കയിൽ നിന്ന് പഠിക്കുന്നത് എന്നെ സംബന്ധിച്ച് ആ പ്രായത്തിൽ ചിന്തിക്കാൻ പോലും പ്രയാസമായിരുന്നു. ഒട്ടും താല്പര്യമില്ലാതെയാണ് 1996 ൽ പതിനേഴാം വയസ്സിൽ ന്യൂയോർക്കിൽ എത്തിച്ചേരുന്നതും ഓറഞ്ച്ബർഗിൽ പഠിക്കുന്നതും. അതുകൊണ്ട് തന്നെ, സ്വപ്നം കണ്ടും ആഗ്രഹിച്ചും ഈ നാട്ടിൽ എത്തിച്ചേർന്ന വ്യക്തിയാണ് ഞാനെന്ന് പറയാൻ സാധിക്കില്ല. ഒരു നിയോഗം പോലെ വന്നുചേർന്നു എന്ന് മാത്രം. ഇവിടുത്തെ സാഹചര്യങ്ങളുമായി പൊരുത്തപ്പെടാൻ തുടക്കകാലത്ത് നന്നായി ബുദ്ധിമുട്ടി.നാട്ടിൽ സുഹൃത്തുക്കളുമായി അടിച്ചുപൊളിച്ചുനടന്ന എനിക്ക് അമേരിക്ക സമ്മാനിച്ചത് ഏകാന്തതയും ഒറ്റപ്പെടലുമായിരുന്നു.

**അമേരിക്കയിൽ എത്തി ഒരുവർഷത്തിനുള്ളിൽ തന്നെ മിലിറ്ററിയിൽ ചേർന്നല്ലോ?**

പന്ത്രണ്ടാം ക്ലാസ് പൂർത്തിയായവർക്ക് ആർമിയിൽ അവസരം എന്ന് ടിവിയിൽ പരസ്യം കണ്ട് വെറുതേ അപേക്ഷ അയച്ചതാണ്. 'ജോയിൻ ദി ആർമി ആൻഡ് ബി ഓൾ യു ക്യാൻ ബി' എന്നായിരുന്നു ക്യാപ്ഷൻ. പപ്പ അയച്ചുതരുന്ന കാശുകൊണ്ട് ജീവിക്കാതെ എത്രയും വേഗം സ്വന്തം കാലിൽ നിന്നുകൊണ്ട് സ്വതന്ത്രനാകണമെന്ന വാശിയുടെ പുറത്ത് വരുംവരായ്കകൾ ആലോചിച്ചതേയില്ല. 1997ൽ സെലക്ഷൻ നേടിയ ശേഷം അമേരിക്കൻ ആർമിയുടെ ട്രെയിനിങ് ലഭിച്ചു. ആദ്യ അസൈൻമെന്റ് ജർമ്മനിയിലായിരുന്നു. 2001 ൽ ഇറാഖുമായി യുദ്ധം ആരംഭിച്ചു. കൂടുതൽ പരിശീലനം ലഭിച്ചാൽ മാത്രമേ യുദ്ധത്തിന് അയയ്ക്കൂ. എനിക്ക് അവസരം ലഭിക്കുന്നതുവരെ യുദ്ധം തീരരു



തെന്ന് പോലും അന്നത്തെ ആവേശംകൊണ്ട് ആഗ്രഹിച്ചിട്ടുണ്ട്. പരിശീലനം നേടിയ കാര്യങ്ങൾ പ്രയോഗിച്ചുനോക്കാൻ വേണ്ടി യുദ്ധത്തിലേർപ്പെടാൻ ആശിച്ച പൊട്ടബുദ്ധി ഇപ്പോൾ ഓർക്കുമ്പോൾ ചിരിവരും. 5000 പേരോളം മരിച്ചുവീണ രണഭൂമിയിൽ  2005 ലാണ് 'ഓപ്പറേഷൻ ഇറാഖി ഫ്രീഡം' എന്നതിന്റെ ഭാഗമായി ഞാൻ ഉൾപ്പെടുന്ന യൂണിറ്റ് ഇറങ്ങിയത്. സിനിമയിൽ കാണുന്നതുപോലെയല്ല സാഹചര്യങ്ങളെന്ന് അവിടെ ചെന്നുപെടുന്നതുവരെ അറിയില്ലായിരുന്നു. രണ്ടു രാജ്യങ്ങളിലെ പട്ടാളക്കാർ കൃത്യമായ അതിർത്തിയിൽ നിന്നുകൊണ്ട് വെടിവയ്ക്കുന്ന രീതി ആയിരുന്നില്ല അവിടെ. മറുവശത്ത് തീവ്രവാദികളാണ്. എപ്പോൾ എങ്ങനെ ആരിൽ നിന്നും നമുക്ക് നേരെ ആക്രമണമുണ്ടാകാം. വെടിയുണ്ടകളും ബോംബുകളും എവിടെ നിന്നുവേണമെങ്കിലും വന്നുപതിക്കാം. എതിരാളി ആരെന്ന് തിരിച്ചറിയാൻ പോലുമാകില്ല, ആർക്കും യൂണിഫോം ഇല്ലല്ലോ? സാധാരണക്കാരൻ എന്ന് വിചാരിക്കുന്ന കൊച്ചുപയ്യനായിരിക്കും, ചിലപ്പോൾ വെടിയുതിർക്കുന്നത്. അത്തരം ഭീതിജനകമായ അന്തരീക്ഷത്തിൽ ഒരു വർഷം നിന്നിട്ടും പരിക്കൊന്നും കൂടാതെ തിരിച്ചെത്തിയത് വീട്ടുകാരുടെ പ്രാർത്ഥനകൊണ്ടാകാം.

**കൂടെയുള്ളവർ കൺമുന്നിൽ മരിച്ചുവീഴുന്നതുകണ്ടുനിന്ന് മനസ്സ് വല്ലാത്ത അവസ്ഥയിലാകില്ലേ? അതിൽനിന്ന് പുറത്തുകടക്കാൻ പ്രയാസപ്പെട്ടോ?**

യുദ്ധത്തിൽ പങ്കെടുക്കുന്ന പട്ടാളക്കാരുടെ സ്ട്രെസ് ലെവൽ വളരെ കൂടുതലായിരിക്കും. അത് സാധാരണ നിലയിലേക്ക് എത്തിക്കുന്നത് ഒട്ടും എളുപ്പമല്ല. മരണംവരെ അതിൽനിന്ന് പുറത്തുകടക്കാൻ കഴിയാത്ത പലരെയും നേരിട്ടറിയാം. മദ്യപിച്ച് ബോധം മറഞ്ഞാലേ ഉറങ്ങാൻ സാധിക്കൂ എന്നതായിരുന്നു എന്റെ സ്ഥിതി. ദുഃസ്വപ്നങ്ങൾ കണ്ട് ഞെട്ടിയുണരുന്നതും പതിവായി. അങ്ങനെ കുറച്ചുനാൾ നാട്ടിൽ കുടുംബത്തോടൊപ്പം ചെന്നുനിൽക്കുകയും കൗൺസിലിങ് എടുക്കുകയും ചെയ്തു. സാധാരണഗതിയിലേക്ക് മടങ്ങാൻ ഏകദേശം ആറുമാസം വേണ്ടിവന്നു.

**മാതൃരാജ്യത്തിനു വേണ്ടി പോരാടുമ്പോൾ ഉള്ള അതേ അർപ്പണമനോഭാവമാണോ അമേരിക്കയ്ക്കുവേണ്ടി യുദ്ധമുഖത്ത് നിൽക്കുമ്പോഴും തോന്നിയിരുന്നത്?**

ജന്മം നൽകുന്നതുകൊണ്ട് മാത്രമല്ല അമ്മയാകുന്നത് എന്ന് കേട്ടിട്ടില്ലേ? നമ്മുടെ വളർച്ചയുടെ ഓരോഘട്ടത്തിലും ലഭിക്കുന്ന സ്നേഹവും പരിലാളനയുമെല്ലാമാണ് മാതൃത്വത്തിന് പൂർണതനൽകുന്നത്. ജന്മംകൊണ്ട് ഇന്ത്യക്കാരനാണെങ്കിലും കഴിഞ്ഞ 26 വർഷക്കാലമായി ഞാൻ അമേരിക്കയിലാണ് ജീവിക്കുന്നത്. ഇതാണ് എന്റെ കർമ്മഭൂമി. ഇപ്പോൾ ഈ ലോകമാണ് എനിക്ക് കൂടുതൽ പരിചിതം. നാട്ടിൽ തിരിച്ചുപോയാൽ എങ്ങനെ ജീവിക്കണമെന്ന് പോലുമൊരു ഊഹമില്ല. കുടിയേറിയ രാജ്യവുമായി അത്രയ്ക്ക് ഇഴുകി ചേരുന്നതിന് മുൻപേതന്നെ, മിലിറ്ററി ക്യാമ്പിലെ പരിശീലനം നമ്മുടെ ഫോക്കസ് മാറ്റിമറിക്കും. യുദ്ധത്തിലെ വിജയം മാത്രമായിരിക്കും ഒരു സൈനികന്റെ ലക്ഷ്യം. ഒപ്പമുള്ളവരുടെയും നമ്മുടെയും ജീവൻ സംരക്ഷിക്കുക എന്ന കടമ നൽകുന്ന ഉത്തരവാദിത്തബോധം വളരെ വലുതാണ്. 2007 വരെ മിലിറ്ററിയിൽ തുടരുമ്പോൾ, വേറൊരു രാജ്യത്തിനുവേണ്ടിയാണ് പോരാട്ടമെന്ന് ഒരിക്കൽ പോലും ചിന്തിച്ചിട്ടില്ല. പെറ്റമ്മയും പോറ്റമ്മയും ഒരുപോലെ പ്രിയപ്പെട്ടതാണ്.

**പൊലീസ് മോഹം ഉദിച്ചത്?**

അതും യാദൃച്ഛികമായി സംഭവിച്ചതാണ്. പന്ത്രണ്ടാം ക്ലാസിന്റെ യോഗ്യത വച്ചാണ് മിലിറ്ററിയിൽ ചേർന്നത്. വർഷങ്ങളോളം നൈറ്റ് സ്കൂൾ അറ്റൻഡ് ചെയ്തിരുന്നെങ്കിലും, ഡിഗ്രി പൂർത്തിയാകാത്തതുകൊണ്ട് ഓഫീസർ സ്ഥാനം ലഭിച്ചിരുന്നില്ല. മേഴ്സി കോളജ് ന്യൂയോർക്കിൽ 2007 ൽ ഡിഗ്രിക്ക് ചേരുമ്പോൾ എളുപ്പമുള്ള കോഴ്സ് എന്ന നിലയ്ക്കാണ് ക്രിമിനോളജി തിരഞ്ഞെടുത്തത്. ആ കോഴ്സ് പഠിക്കുന്നവരുടെ പ്രധാന ഉദ്ദേശം പൊലീസിൽ ചേരുക എന്നുള്ളതായിരുന്നു. സഹപാഠികളിൽ പലരും, അത്തരം പ്രവേശനപരീക്ഷകളെക്കുറിച്ച് സംസാരിക്കുമായിരുന്നു. അതുകേട്ട് കൗതുകം തോന്നി ഞാനും ടെസ്റ്റ് എഴുതി.




മികച്ച സ്കോർ ലഭിക്കുകയും ചെയ്തു. അതോടെ മിലിറ്ററി ഓഫീസർ ആകുക എന്ന തീരുമാനം മാറ്റി, പൊലീസ് ഡിപ്പാർട്മെന്റിൽ ഒരുകൈ നോക്കാമെന്ന് വച്ചു. യൂണിഫോമും തോക്കും എല്ലാം ഉള്ളതുകൊണ്ട് വലിയ വ്യത്യാസം അനുഭവപ്പെട്ടില്ല. താമസസ്ഥലത്ത് നിന്ന് ദൂരെ മാറിനിൽക്കേണ്ടതില്ല എന്ന മെച്ചവുമുണ്ട്. ശമ്പളവും കൂടുതലാണ്. റിട്ടയർമെന്റും പെൻഷനുമെല്ലാം ഒരുപോലെ. മിലിറ്ററിയിൽ ആക്റ്റീവ് ഫോഴ്സും റിസേർവ് ഫോഴ്സുമുണ്ട്. റിസേർവ് ഫോഴ്സിലുള്ളവർ പാർട്ട്-ടൈമേഴ്സ് ആണ്. മാസത്തിൽ രണ്ടുദിവസം അവർ മിലിറ്ററിയിൽ ജോലി ചെയ്യണം. മിലിറ്ററി റിസേർവ് ഫോഴ്സിലും അത്തരത്തിൽ ഞാൻ സേവനമനുഷ്ഠിക്കുന്നുണ്ട്. അങ്ങനെ നോക്കുമ്പോൾ മിലിറ്ററിയിൽ 25 വർഷവും പൊലീസിൽ 15 വർഷവും പൂർത്തിയായി.




**പൊലീസ് ഓഫീസർ എന്ന നിലയിൽ ഏതൊക്കെ മേഖലകളിൽ പ്രവർത്തിച്ചു?**

വെസ്റ്റ്ചെസ്റ്റർ കൗണ്ടി പൊലീസ് അക്കാദമിയിലെ പരിശീലനം നമ്മുടെ ചിന്താഗതികളെ മാറ്റിമറിക്കും. 2010 വരെ ന്യൂയോർക്കിലെ മൗണ്ട് വെർനൺ പൊലീസ് ഡിപ്പാർട്മെന്റിലായിരുന്നു ജോലി. തുടർന്ന് സഫോക്ക് കൗണ്ടി പൊലീസ് അക്കാദമിയിൽ ചേർന്നു. 2013 മുതൽ സഫോക്ക് കൗണ്ടിയിൽ ഹൈവേ പട്രോൾ ഓഫീസറായി സേവനമനുഷ്ഠിച്ചു. പൊലീസ് സൂപ്പർവിഷൻ കോഴ്സ്, പൊലീസ് മോട്ടോർ സൈക്കിൾ ഓപ്പറേറ്റർ കോഴ്സ്, ബ്രെത്ത് അനാലിസിസ് ഓപ്പറേറ്റർ കോഴ്സ്, റഡാർ / എൽഐഡിആർ കോഴ്സ്, അഡ്വാൻസ്ഡ് റോഡ്സൈഡ് ഇംപയേർഡ് ഡ്രൈവർ എൻഫോഴ്സ്മെന്റ് (ARIDE), ഇൻഫോർമന്റ് മാനേജ്മെന്റ് കോഴ്സ്, ഇൻസ്ട്രക്ടർ ഡെവലപ്മെന്റ് കോഴ്സ്, ക്രൈസിസ് ഇന്റർവെൻഷൻ ടീം പരിശീലനം എന്നിവയൊക്കെ പൂർത്തിയാക്കി. നിലവിൽ കമ്മ്യൂണിറ്റി റിലേഷൻസ് ബ്യൂറോയിൽ റിക്രൂട്ട്മെന്റ് ഓഫീസറാണ്.

**കമ്മ്യൂണിറ്റി റിലേഷൻസ് ബ്യൂറോയിലെ പ്രവർത്തനങ്ങൾ ആസ്വാദ്യകരമാണോ?**

ആളുകളുടെ ഏത് ആവശ്യത്തിനും പൊലീസ് കൂടെയുണ്ടെന്ന വിശ്വാസം ജനിപ്പിക്കാൻ സാധിക്കുന്നു എന്നതാണ് ഈ ബ്യൂറോയിൽ ഞാൻ ആസ്വദിക്കുന്ന കാര്യം. ജീവിതനിലവാരത്തെ ബാധിക്കുന്ന ഏത് വിഷയത്തിലും സഹായത്തിന് അവർ നമ്മളെയാണ് വിളിക്കുക. പ്രശ്നങ്ങൾക്ക് പരിഹാരം കണ്ടെത്തുന്നത് ക്രിയാത്മകമായ പ്രക്രിയയാണ്. ഓരോ വ്യക്തിയുടെയും പ്രശ്നങ്ങളും സാഹചര്യങ്ങളും വ്യത്യസ്തമായിരിക്കും. കാർ ചെയ്സിങ് നടത്തിയും ഓടിയും ചാടിയും ഒരു കുറ്റവാളിയെ പിടികൂടുന്നതിനെക്കാൾ ശ്രമകരമാണ്, അവസരോചിതമായി തീരുമാനങ്ങൾ എടുക്കുന്നത്.അതാണ് ഈ ജോലിയിലെ ത്രിൽ.

**റിക്രൂട്ട്മെന്റ് ഓഫീസർ എന്ന നിലയിൽ കമ്മ്യൂണിറ്റിക്ക് വേണ്ടി സഹായം ചെയ്യാറുണ്ടോ?**

കഴിവുള്ള ഇന്ത്യക്കാർക്ക് എങ്ങനെ പൊലീസിൽ ചേരാമെന്ന് മാർഗ്ഗനിർദ്ദേശങ്ങൾ നൽകാറുണ്ട്. അത്തരക്കാരെ തീർച്ചയായും പരിഗണിക്കാറുമുണ്ട്. മുൻകാലങ്ങളെ അപേക്ഷിച്ച് കൂടുതൽ സ്ത്രീകളെ റിക്രൂട്ട് ചെയ്യാൻ സാധിച്ചതും കമ്മ്യൂണിറ്റിക്ക് സഹായകമായിട്ടുണ്ട്. ന്യൂയോർക്കിലെ ലോങ്ങ് ഐലൻഡിൽ തന്നെ രണ്ട് കൗണ്ടികളുണ്ട് -നാസോ കൗണ്ടിയും സഫോക് കൗണ്ടിയും. ഞാൻ ജോലി ചെയ്യുന്ന സഫോക് കൗണ്ടിയിൽ 2500 പൊലീസുകാരാണുള്ളത്.അതിൽ കൂടുതലും വൈറ്റ്സാണ്. ഇന്ത്യക്കാർ,പാകിസ്താനി,കൊറിയൻ,ചൈനീസ് എന്നിങ്ങനെ ഏഷ്യൻ വംശജർ എല്ലാവരും ചേർന്നാൽ പോലും ഇരുപത് പേർ കഷ്ടിച്ചേ കാണൂ. ഉള്ള കുറച്ചുപേർ ചേർന്ന് ഏഷ്യൻ ജെയ്ഡ് സൊസൈറ്റി എന്നൊരു സംഘടന ഞങ്ങൾ രൂപീകരിച്ചു. ഏഷ്യൻ വംശജരുടെ ആഘോഷങ്ങൾ നടത്തുക എന്ന ഉദ്ദേശമേ ആദ്യം ഉണ്ടായിരുന്നുള്ളു. കോവിഡ് സമയത്ത്, മാസ്ക്-പിപിഇ കിറ്റ് മുതലായ സാമഗ്രികൾ സ്വന്തം കാശിന് നിർമ്മിച്ച് വിതരണം ചെയ്യുന്നതുൾപ്പെടെ നിരവധി ചാരിറ്റി പ്രവർത്തനങ്ങൾ സംഘടനയിലൂടെ നടത്താൻ സാധിച്ചു.




**എങ്ങനെയാണ് 'അംലിയു' എന്ന സംഘടന രൂപീകരിച്ചത്? നമ്മുടെ കമ്മ്യൂണിറ്റിക്ക് ഇത് എത്രത്തോളം ഗുണകരമാണ്?**

'ഗ്രൂപ്പ് മീ' എന്നൊരു ചാറ്റ് ഗ്രൂപ്പിൽ അംഗമായ സുഹൃത്തിന്റെ ക്ഷണം സ്വീകരിച്ചത് വഴിത്തിരിവായി. ആ ഗ്രൂപ്പിൽ ചേർന്ന ശേഷമാണ് അമേരിക്കയിൽ നൂറിൽപരം മലയാളികൾ പൊലീസ് ഡിപ്പാർട്ട്മെന്റിൽ ജോലി ചെയ്യുന്നുണ്ടെന്ന് ഞാൻ അറിയുന്നത്. അതെനിക്കൊരു അത്ഭുതമായി തോന്നി. മലയാളി പൊലീസുകാരുടെ സംഘടന രൂപീകരിക്കുന്ന കാര്യത്തിൽ പലർക്കും താല്പര്യം ഉണ്ടായിരുന്നെങ്കിലും അത് നടപ്പാക്കാനുള്ള ആർജ്ജവം ആരും കാണിച്ചില്ല. സംഘടന തുടങ്ങിയും അതിൽ പ്രവർത്തിച്ചുമുള്ള പരിചയം വച്ച് ഞാൻ തന്നെ അതിനുവേണ്ടി മുന്നിട്ടിറങ്ങി. അങ്ങനെയാണ് അംലിയു (അമേരിക്കൻ മലയാളി ലോ എൻഫോഴ്സ്മെന്റ് യുണൈറ്റഡ്) എന്ന സംഘടന 2020 ൽ രൂപീകൃതമായത്. അതിന്റെ സ്ഥാപക പ്രസിഡന്റാകാൻ സാധിച്ചതിൽ അഭിമാനമുണ്ട്.




കൂടുതൽ അംഗങ്ങളെ കണ്ടെത്തി, സംഘടനയുടെ ശക്തി വർധിപ്പിക്കാൻ കഴിഞ്ഞതും നേട്ടമായി കാണുന്നു. പറഞ്ഞറിഞ്ഞാണ് പലരും അംഗത്വം നേടിയത്. അമേരിക്കൻ പൊലീസ് സേനയിൽ ആദ്യമായാണ് ഒരു എത്നിക് ഗ്രൂപ്പ് രൂപീകരിക്കുന്നത്. സമ്മർദ്ദം നിറഞ്ഞ ജോലി ചെയ്യുന്നതുകൊണ്ടുതന്നെ, ഇങ്ങനെ ഒരു കൂട്ടായ്മ തുടങ്ങുമ്പോൾ വിനോദത്തിനാണ് പൊതുവേ പ്രാധാന്യം. എന്നാൽ, കമ്മ്യൂണിറ്റിക്കു വേണ്ടി എന്തൊക്കെ ചെയ്യാമെന്ന് കൂടി ഞങ്ങൾ ചിന്തിച്ചു. പൊലീസ് വകുപ്പിൽ തന്നെ പല വിഭാഗങ്ങളിൽ കഴിവുറ്റവർ ഞങ്ങൾക്കിടയിലുണ്ട്. അമേരിക്കൻ മലയാളികളിൽ വലിയൊരു ശതമാനത്തിന് ഇവിടുത്തെ നിയമവശങ്ങളെക്കുറിച്ച് ധാരണയില്ല. ജോലി,പള്ളി,വീട് എന്നതിനപ്പുറമൊരു ലോകം മലയാളിക്കില്ല. എന്ത് ചെയ്യണമെന്നറിയാതെ പതറിനിൽക്കുന്ന അവസ്ഥകൾ ആർക്കുമുണ്ടാകാം. അമേരിക്കൻ പൊലീസിൽ നമ്മളിൽപ്പെട്ടവർ ഉണ്ടെന്ന് അറിയുന്നതു തന്നെ ചില ഘട്ടങ്ങളിൽ വലിയ ആശ്വാസമാകും. സ്വന്തം ഭാഷയിൽ വിഷമങ്ങളും അവസ്ഥകളും ബോധിപ്പിക്കാൻ സാധിക്കുന്നത് നല്ലതല്ലേ? നിയമോപദേശത്തിലൂടെയും ശരിയായ മാർഗ നിർദ്ദേശത്തിലൂടെയും പ്രശ്നങ്ങൾക്ക് പരിഹാരം നൽകി, ആളുകളെ പിന്തുണയ്ക്കാനാണ് ഞങ്ങളുടെ സംഘടന ശ്രമിച്ചുവരുന്നത്. 'Advice is money' എന്നതാണ് അമേരിക്കക്കാരുടെ പോളിസി. അതുകൊണ്ടുതന്നെ, പണം നൽകാതെ ഉപദേശം ലഭിക്കുന്നത് ചില്ലറക്കാര്യമല്ല. ഗാർഹിക







പീഡനം ഉൾപ്പെടെ ഏതുതരം പ്രശ്നങ്ങളും പരിഹരിക്കാൻ ആളുകൾ ഞങ്ങളെ ബന്ധപ്പെടുന്നുണ്ട് എന്നതിൽ നിന്നുതന്നെ സംഘടനയ്ക്ക് ലഭിക്കുന്ന സ്വീകാര്യത വ്യക്തമാണ്. അമേരിക്കയിലെ രീതികൾ അറിയാത്തതുകൊണ്ട് ചൂഷണങ്ങൾക്ക് ഇരയാകുന്നവരും ചതിക്കുഴിയിൽ വീഴുന്നവരുമായ നിരവധിപേർ ഉണ്ട്. അങ്ങനെയുള്ള ഒരു പാട് പേരുടെ കണ്ണീരൊപ്പാൻ കഴിഞ്ഞ രണ്ടുവർഷങ്ങൾക്കുള്ളിൽ കഴിഞ്ഞു. സംഘടന വലുതാകുംതോറും കമ്മ്യൂണിറ്റിക്ക് അതിന്റേതായ മെച്ചം ഉണ്ടാകുമെന്ന കാര്യത്തിൽ യാതൊരു സംശയവുമില്ല. കേരളത്തിൽ നിന്ന് അമേരിക്കയിൽ ആദ്യമായി വനിതാപൊലീസായത് ബിന്ദു പിള്ളയാണെന്നും, ആദ്യ മലയാളി പൊലീസ് ചീഫ് മൈക്ക് കുരുവിളയാണെന്നും മുൻപ് ആർക്കും അറിയുമായിരുന്നില്ല. അത്തരം വിവരങ്ങൾ ഇന്ന് നമ്മുടെ വെബ്സൈറ്റിലൂടെ ലഭ്യമാണ്. അതുപോലുള്ള ഉദാഹരണങ്ങൾ, കൂടുതൽ പേരുടെ ആഗ്രഹങ്ങൾക്ക് ചിറകുനൽകുമെന്നാണ് ഞാൻ കരുതുന്നത്.

**പ്രധാന പദവികളും അംഗീകാരങ്ങളും?**

യുഎസ് ആർമിയിലായിരിക്കെ കോംബാറ്റ് ആക്ഷൻ ബാഡ്ജ്, മെറിറ്റോറിയസ് സർവീസ് മെഡൽ, ഇറാഖ് ക്യാമ്പയിൻ മെഡൽ, മിലിറ്ററി ഔട്ട്സ്റ്റാന്റിംഗ് വോളന്റിയർ സർവീസ് മെഡൽ എന്നിവ നേടിയിട്ടുണ്ട്. പൊലീസ് സർവീസിൽ ചേർന്ന ശേഷം, ന്യൂയോർക്ക് ഗവർണറിൽ നിന്ന് സർട്ടിഫിക്കറ്റ് ഓഫ് റെകഗ്നിഷൻ ലഭിച്ചു. ലോങ്ങ് ഐലൻഡിലെ കേരള സെന്റർ എന്ന മതേതര സംഘടന വർഷാവർഷം വിവിധ മേഖലകളിൽ കഴിവ് പ്രകടിപ്പിക്കുന്നവർക്ക് അവാർഡ് നൽകുന്നുണ്ട്. 2022 ൽ സാമൂഹിക സേവനത്തിനുള്ള അവാർഡ് എനിക്കാണ് ലഭിച്ചത്.

2021 മുതൽ സഫോക്ക് കൗണ്ടി ഏഷ്യൻ അമേരിക്കൻ അഡ്വൈസറി ബോർഡിൽ ബോർഡ് അംഗമായി പ്രവർത്തിക്കുന്നുണ്ട്. കൗണ്ടി എക്സിക്യൂട്ടീവാണ് എന്നെ നിയമിച്ചത്. മൂന്ന് വർഷമാണ് കാലാവധി. ഏഷ്യൻ അമേരിക്കൻ കമ്മ്യൂണിറ്റിയുടെ ബന്ധപ്പെട്ട നിയമനിർമ്മാണം, ബിസിനസ് വികസനം, സാംസ്കാരിക ധാരണ എന്നിവയെക്കുറിച്ച് ഉപദേശിക്കുന്നതാണ് ബോർഡിന്റെ പ്രധാന ഉത്തരവാദിത്തം.

**അമേരിക്കൻ പൊലീസ് സേനയിലേക്ക് കൂടുതൽ മലയാളികൾ ആകൃഷ്ടരാകുന്നുണ്ടോ?**

അങ്ങനെവേണമെന്നാണ് ഞാൻ ആഗ്രഹിക്കുന്നത്. കുടിയേറ്റക്കാർക്കുവേണ്ടി ഇത്രത്തോളം ഓപ്പൺ ആയ മറ്റൊരു രാജ്യമില്ലെന്നുതന്നെ പറയാം. സ്വന്തം രാജ്യത്തേക്കാൾ മെച്ചപ്പെട്ട ജീവിതസാഹചര്യം ഇവിടെ നമുക്ക് കിട്ടുന്നുണ്ട്. ഇന്ത്യൻ കമ്മ്യൂണിറ്റി ഇന്ന് അമേരിക്കയിലെ വലിയൊരു ശക്തിയാണ്. പൊലീസ് സേനയിലെന്ന് മാത്രമല്ല, മുഖ്യധാരാ രാഷ്ട്രീയത്തിലും നമ്മളിൽപ്പെട്ടവർ കൂടുതലായി കടന്നുവരണം. പൊലീസിൽ ചേരാൻ താല്പര്യമുള്ള അമേരിക്കൻ മലയാളി യുവാക്കളെ പ്രോത്സാഹിപ്പിക്കുന്നതിന് അംലിയു എന്ന സംഘടന പ്രത്യേക സ്കോളർഷിപ്പും നൽകുന്നുണ്ട്. അത്തരം ആഗ്രഹമുള്ള കുട്ടികൾക്ക് ആവശ്യമായ ഉപദേശങ്ങൾ നൽകാനും സംഘടന സദാ സന്നദ്ധരാണ്.

**മിനിസോട്ടയിൽ ഉണ്ടായ ജോർജ് ഫ്ലോയ്ഡിന്റെ പ്രശ്നത്തെത്തുടർന്ന് ,'ബ്ലാക്ക് ലൈവ്സ്**




**മാറ്റേഴ്സ്' കരുത്താർജ്ജിച്ചതോടെ സാധാരണ ക്കാരുടെ ഇടയിൽ അമേരിക്കയിലെ പൊലീസു കാർക്കുള്ള മതിപ്പ് കുറഞ്ഞോ? കുറ്റകൃത്യങ്ങളു ടെ നിരക്ക് ഉയരാൻ ഇത് കാരണമായോ?**

പൊലീസിംഗ് ഒരിക്കലുമൊരു ലക്ഷ്വറി അല്ല. ക്രമസമാധാനം എന്നുള്ളത് ഏത് ജനാധിപത്യ രാജ്യത്തും അത്യാവശ്യമുള്ള കാര്യം തന്നെയാ ണ്. പൊലീസിനെക്കുറിച്ച് എന്തൊക്ക പറഞ്ഞാ ലും, ഒരാവശ്യം വന്നാൽ എല്ലാവരുടെയും ആദ്യ ആശ്രയം അവർ തന്നെയാണ്. ഇവിടെ പൊതുവേ കമ്മ്യൂണിറ്റി-ബേസ്ഡ് പൊലീസിംഗ് ആണ്. ഏതു തരത്തിലുള്ള പൊലീസുകാരെ വേണമെന്ന് അതാ ത് പ്രദേശത്തെ ആളുകളാണ് തീരുമാനിക്കുന്നത്. അതുകൊണ്ടുതന്നെ, പൊലീസുകാർ ജനങ്ങളോട് എങ്ങനെ പെരുമാറണം എന്നതുൾപ്പെടെയുള്ള കാര്യങ്ങളിൽ ഒരുപാട് മാറ്റങ്ങൾ വന്നിട്ടുണ്ട്. അത് നന്നായി എന്നാണ് ഞാൻ കരുതുന്നത്. ന്യൂ യോർക്ക് പോലുള്ള സ്ഥലങ്ങളിൽ കുറ്റകൃത്യങ്ങ ളുടെ നിരക്ക് കൂടിയത് പൊലീസുകാരുടെ എണ്ണം കുറഞ്ഞതുകൊണ്ടാണ്. കൃത്യമായ ഒരു ബാലൻ സിംഗ് ഇക്കാര്യത്തിൽ അനിവാര്യമാണ്. ഗ്രോസറി ഷോപ്പിലായാലും സബ് വേയിലായാലും ആളു കൾ സുരക്ഷിതരാകണമെങ്കിൽ പട്രോളിങ്ങും പൊലീസിങ്ങും പ്രധാനമാണ്. പൊലീസിനെതിരെ തിരിഞ്ഞാൽ അതിന്റെ ഭവിഷ്യത്ത് അനുഭവിക്കേ ണ്ടതും സാധാരണക്കാർ തന്നെയായിരിക്കും. സ്പാനിഷുകാർ കൂടുതലുള്ള പ്രദേശങ്ങളിൽ അവരിൽപ്പെട്ട പോലീസുകാർ കൂടുതലായിരിക്ക ണമെന്നും സ്ത്രീകൾ കൂടുതലുള്ള സ്ഥലങ്ങളി ലെ പൊലീസ് ഡിപ്പാർട്മെന്റുകളിൽ കൂടുതൽ വനിതാപൊലീസുകാരെ വിന്യസിപ്പിക്കണമെ ന്നുമാണ് എന്റെ അഭിപ്രായം. അവരവരുടെ വർ ഗ്ഗത്തിൽപ്പെട്ടവരോട് മനസ്സുതുറക്കാൻ കുറച്ചു കൂടി എളുപ്പമായിരിക്കും. ആശയവിനിമയത്തിൽ പ്രയാസം വന്നാലാണ് പലപ്പോഴും കാര്യങ്ങൾ കുഴയുന്നത്. ഓരോ വ്യക്തിയുടെയും ആവശ്യം എന്താണെന്നും അവരെന്തിനാണ് തങ്ങളെ സമീ പിച്ചതെന്നും പൊലീസ് ഓഫീസർക്ക് മനസ്സിലാ ക്കാൻ സാധിക്കണം. ഇരുകൂട്ടരും തമ്മിൽ ഊഷ്മളമായ ബന്ധം സ്ഥാപിക്കേണ്ടത് അത്യാവശ്യമാ ണ്.

**അമേരിക്കൻ മുഖ്യധാരാ രാഷ്ട്രീയത്തിൽ താങ്കളെ പ്രതീക്ഷിക്കാമോ?**

മിലിറ്ററിയിലായാലും പൊലീസിലായാലും ജന സേവനം തന്നെയാണ് കരിയറിലുടനീളം നടത്തി വരുന്നത്. സംഘടനാപ്രവർത്തനങ്ങളിലും ചാരി റ്റി വർക്കിലും സജീവമായതോടെ, ആ രംഗത്ത് ഞാൻ ശോഭിക്കുമെന്ന ആത്മവിശ്വാസം വളർന്നി ട്ടുണ്ട്. അമേരിക്കൻ പൊളിറ്റിക്സിൽ വ്യക്തമായ ധാരണകൾ എനിക്കുണ്ട്. തിരഞ്ഞെടുപ്പിന് അനു ബന്ധമായി ഫണ്ട് റെയ്സിംഗ് പോലെ എല്ലാക്കാ ര്യങ്ങൾക്കും പിന്തുണ നൽകാറുണ്ട്.

2027 ആകുമ്പോൾ സർവീസിൽ നിന്ന് റിട്ടയർ ചെയ്യും. അപ്പോഴേക്കും, മുഖ്യധാരാ രാഷ്ട്രീയ ത്തിൽ ചേർന്ന് കമ്മ്യൂണിറ്റിക്ക് വേണ്ടി കൂടുതൽ കാര്യങ്ങൾ ചെയ്യാൻ അവസരം ലഭിച്ചാൽ തീർച്ച യായും ഞാനത് ഏറ്റെടുക്കും.

**അമേരിക്കയിൽ ജനിച്ചുവളർന്ന താങ്കളുടെ മകന് കേരളത്തോടുള്ള മനോഭാവം എങ്ങനെയാണ്?**

മറ്റേയോ ജോയ് എന്നാണ് മോന്റെ പേര്. ഇറ്റാ ലിയൻ ഭാഷയിൽ നമ്മുടെ മാത്യു തന്നെയാണ് മറ്റേയോ. യാത്രകൾ അവന് വലിയ ഇഷ്ടമാണ്. കമ്മ്യൂണിറ്റി പ്രവർത്തനങ്ങൾക്കും കൂടെ കൊ ണ്ടുപോകാറുണ്ട്. ചെറുപ്പത്തിലേ ഇത്തരം കാര്യ ങ്ങൾ കണ്ടുവളരുന്നത് അവനെ നല്ലൊരു പൗര നാക്കി മാറ്റാൻ സഹായകമാകുമെന്നാണ് ഞാൻ കരുതുന്നത്. അടുത്തിടെ ഞങ്ങൾ കേരളത്തിൽ പോയിരുന്നു. കുറവിലങ്ങാടിനടുത്ത് കോഴ എന്ന ഗ്രാമത്തിലെ രാമന്റെ ചായക്കടയിൽ നിന്ന് ചായ യും കടിയും കഴിച്ചതൊക്കെ അവന് വേറിട്ട അനു ഭവമായിരുന്നു. മലയാളം അക്ഷരങ്ങൾ മകനെ പഠിപ്പിക്കുന്നുണ്ട്. അമേരിക്കൻ പൗരത്വമാണ് ഞങ്ങൾക്ക്. എങ്കിൽക്കൂടി, എന്റെ ഭാഷ എഴുതാ നും വായിക്കാനും മകൻ അറിഞ്ഞിരിക്കണമല്ലോ. അവൻ മലയാളം പാട്ട് പാടുന്നതും 'എന്തുണ്ട് വിശേഷം' എന്ന് ചോദിക്കുന്നതുമൊക്കെ നമു ക്കൊരു സന്തോഷമാണ്. പൈതൃകവും സംസ്കാ രവുമൊക്കെ പകർന്നുകൊടുക്കാൻ ശ്രമിക്കേണ്ട ബാധ്യത ഒരു അച്ഛനെന്ന നിലയിൽ നിറവേറ്റുന്നു എന്നതിനപ്പുറം, നാളെ അവൻ എങ്ങനെ ചിന്തിക്ക ണമെന്ന് ഒരിക്കലും വാശിപിടിക്കില്ല.